നം. ക്യൂ.ഐ.പി.24001/ഡി.പി.ഐ.

വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 08.04.2011.

പൊതുവിദ്യാഭ്യാസ ഡയറകടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം - വിദ്യാഭ്യാസം - 2010- 20011 വർഷത്തെ 1 മുതൽ 9 വരെ ക്ളാസ്സുകളിലെ പ്രമോഷൻ മാനദണ്ഡങ്ങൾ സംബന്ധിച്ച്.

സൂചന - 1. 05.01.2009-ന് ചേർന്ന 21- ാമത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് തീരുമാനം.
2. 04.03.2009-ന് ചേർന്ന 24-മാത് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് തീരുമാനം.

2010-2011 വർഷത്തെ 1 മുതൽ 9 വരെ ക്ളാസ്സുകളിലെ പ്രമോഷൻ മാനദണ്ഡങ്ങൾ ഇതോടൊപ്പം ചേർക്കുന്നു. ഇതിൻപ്രകാരം തന്നെ കുട്ടികളുടെ പ്രമോഷൻ നടത്തേണ്ടതാണ്. ഇവ കൃത്യമായി പാലിക്കുന്നുണ്ട് എന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

1 മുതൽ 7 വരെ ക്ളാസ്സുകളിലെ പ്രമോഷൻ സംബന്ധിച്ച നിബന്ധനകൾ.

1, 2 ക്ളാസ്സുകൾ ഒരൊറ്റ യൂണിറ്റായി പരിഗണിക്കേണ്ടതും ഒന്നാം ക്ളാസ്സിലെ എല്ലാ കുട്ടികൾക്കും 2- ാം ക്ളാസ്സിൽ തുടർ പഠനം അനുവദിക്കേണ്ടതുമാണ്.

2 മുതൽ 7 വരെ ക്ളാസ്സുകളിൽ രണ്ടാം ടേമിലെ മൂല്യനതിർണ്ണയത്തിന്റെയും നിരന്തര മൂല്യനിർണ്ണയത്തിന്റെയും ഗ്രേഡുകൾ പരിഗണിച്ചാകണം പ്രമോഷൻ നൽകേണ്ടത്.

പ്രൊമോഷൻ മാനദണ്ഡങ്ങൾ

മാനദണ്ഡം (1) എല്ലാ വിഷയത്തിന്റെയും രണ്ടാം ടേം മൂല്യനിർണ്ണയത്തിനും, നിരന്തര മൂല്യ നിർണ്ണയമേഖലകൾക്കും ഡി ഗ്രേഡോ അതിനുമുകളിലോ ലഭിക്കണം.

മാനദണ്ഡം (2) - ഓരോ വിഷയത്തിനും രണ്ടാം ടേം മൂല്യനിർണ്ണയത്തിന്റെ ഓവറാൾ ഗ്രേഡിന്റെയും നിരന്തര മൂല്യനിർണ്ണയ മേഖലളുടെ ഓവറാൾ ഗ്രേഡിന്റെയും ശരാശരി സി ഗ്രേഡോ അതിനുമുകളിലോ വന്നാൽ ക്ളാസ്സ് കയറ്റം നൽകാവുന്നതാണ്.

കുറിപ്പ് : മതിയായ കാരണത്താൽ രണ്ടാം ടേം പരീക്ഷ എഴുതാൻ കഴിയാത്ത സാഹചര്യത്തിൽ ഒന്നാം ടേം മൂല്യനിർണ്ണയത്തിന്റെ ഗ്രേഡാണ് പരിഗണിക്കേണ്ടത്.
ഉദാഹരണമായി:

ഏഴു ചോദ്യങ്ങൾക്കുള്ള ടേം പരീക്ഷ.

| | | | | | | | |
|---|---|---|---|---|---|---|---|
| ചോദ്യം | 1 | 2 | 3 | 4 | 5 | 6 | 7 |
| ഗ്രേഡ് | A | C | E | D | D | C | D |
| ഗ്രേഡ് വാല്യൂ | 4 | 2 | 0 | 1 | 1 | 2 | 1 |

ഓവറോൾ ഗ്രേഡ് - $\frac{11 \times 100}{28}$ = 39% D ഗ്രേഡ്

അഞ്ചുമേഖലകൾക്കുള്ള നിരന്തര വിലയിരുത്തൽ

| | | | | | |
|---|---|---|---|---|---|
| നിരന്തര മൂല്യനിർണയ മേഖല | 1 | 2 | 3 | 4 | 5 |
| ഗ്രേഡ് | B | C | B | C | B |
| ഗ്രേഡ് വാല്യൂ | 3 | 2 | 3 | 2 | 3 |

ഓവറാൾ ഗ്രേഡ് = $\frac{13 \times 100}{20}$ = 65% = B ഗ്രേഡ്

നിരന്തര മൂല്യനിർണ്ണയത്തിന്റെ ഓവറാൾ ബി ഗ്രേഡ്, ടേം മൂല്യനിർണയത്തിന്റെ ഓവറാൾ ഡി ഗ്രേഡ്.

D = 1 പോയിന്റ് , B = 3 പോയിന്റ്

ശരാശരി = $\frac{1 + 3}{2}$ = 2 -സി ഗ്രേഡ്

(ഗ്രേഡ് മൂല്യ ം കണക്കാക്കുമ്പോൾ ദശാംശസംഖ്യ വന്നാൽ തൊട്ട് മുകളിലെ സംഖ്യയാക്കി മാറ്റുക. (ഉദാ. 2.1. = 3) ബി ഗ്രേഡ്.

| ഗ്രേഡ് ശതമാനത്തിൽ | |
|---|---|
| 76-100% | A Grade |
| 60 -75% | B Grade |
| 45-59% | C Grade |
| 25-44% | D Grade |
| 25-ന് താഴെ | E Grade |

| ഗ്രേഡ് പോയിന്റ് |
|---|
| A = 4 Point |
| B = 3 Point |
| C = 2 Point |
| D = 1 Point |
| E = 0 Point |

8, 9 ക്ളാസ്സുകളിലെ പ്രമോഷൻ മാനദണ്ഡങ്ങൾ

മാനദണ്ഡം (1) 8, 9 ക്ളാസ്സുകളിൽ വർഷാന്ത്യപരീക്ഷയിലെ ഓരോ വിഷയത്തിന്റെ സ്കോറും, അതാത് വിഷയത്തിൽ നിരന്തര മൂല്യനിർണ്ണയ സ്കോറും ചേർത്ത് ഗ്രേഡ് നിർണ്ണയിക്കുമ്പോൾ എല്ലാ പേപ്പറുകൾക്കും കുറഞ്ഞത് ഡി + ലഭിക്കുന്നവർക്ക് 85 ശതമാനം ഹാജരുണ്ടെങ്കിൽ ക്ളാസ്സ് കയറ്റം നൽകാവുന്നതാണ്.

മാനദണ്ഡം (2) മാനദണ്ഡം (1) പ്രകാരം പ്രമോഷന് പരിഗണിയ്ക്കുമ്പോൾ ഏതെങ്കിലും പേപ്പറിന്, ഡി + എങ്കിലും ലഭിയ്ക്കാതെ വന്നാൽ ആ പേപ്പറിന്റെ വർഷാന്ത്യ പരീക്ഷയിലെ സ്കോറും, അർദ്ധവാർഷിക പരീക്ഷാ സ്കോറും കൂടി ചേർത്ത് ശരാശരി കണക്കാക്കി ഗ്രേഡ് നിർണ്ണയിക്കുമ്പോൾ ( CE + TE) കുറഞ്ഞത് ഡി + ലഭിച്ചാലും ക്ളാസ്സ് കയറ്റം നൽകാവുന്നതാണ്.

വിദ്യാഭ്യാസ ഓഫീസർമാർ പ്രമോഷനുള്ള മാനദണ്ഡങ്ങൾ എല്ലാ സ്കൂളുകൾക്കും ഉടൻതന്നെ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

പകർപ്പ്: എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും.
ഡി.പി.ഒ. (എസ്.എസ്.എ) മാർക്കും.

വി.ജി.